**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **02-08-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ അഞ്ച് വർഷം പൂർത്തിയാക്കുന്ന അധ്യാപകരെ എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന ലബ്ബാ കമ്മിറ്റി നിർദ്ദേശം നടപ്പിലാക്കാത്തതിനാൽ ജൂനിയർ അദ്ധ്യാപകർക്ക് അർഹമായ സ്ഥാനക്കയറ്റം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹയർ സെക്കണ്ടറി തലത്തിൽ ജൂനിയർ, സീനിയർ അദ്ധ്യാപക നിയമനത്തിന് വെവ്വേറെ കാറ്റഗറിയിലാണ് പരീക്ഷ നടത്തുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതും. ആയതിനാൽ റാങ്ക് ലിസ്റ്റും വെവ്വേറെയാണ് തയ്യാറാക്കപ്പെടുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനെക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300) എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ച് നല്കുന്നു. നിലവിലുള്ള ചട്ട പ്രകാരം മാത്രമേ സ്ഥാനക്കയറ്റം നൽകാനാകു. |
| (ബി) | ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ നിശ്ചിത വർഷം സേവനം പൂർത്തിയാക്കിയ എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഹയർ സെക്കണ്ടറി തലത്തിൽ ജൂനിയർ, സീനിയർ അദ്ധ്യാപക നിയമനത്തിന് വെവ്വേറെ കാറ്റഗറിയിലാണ് പരീക്ഷ നടത്തുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതും. ആയതിനാൽ റാങ്ക് ലിസ്റ്റും വെവ്വേറെയാണ് തയ്യാറാക്കപ്പെടുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനെക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ |

| | | | |
|---|---|---|---|
| | | | ശമ്പള സ്കെയിൽ (55200-115300) എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ചു നല്കുന്നു. നിലവിലുള്ള ചട്ട പ്രകാരം മാത്രമേ സ്ഥാനക്കയറ്റം നൽകാനാകൂ. |
| (സി) | പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ സേവനകാലയളവ് കൂടി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി സീനിയർ തസ്തിക. സീനിയർ തസ്തികയിലേക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ളബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽ നിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം സാധ്യമല്ല. |

സെക്ഷൻ ഓഫീസർ